## 7. ഇസ്‌ലാം – മനുഷ്യനെ പരീക്ഷിക്കാനുള്ള ദൈവിക പദ്ധതി

സൃഷ്ടികളെല്ലാം തന്നെ സ്രഷ്ടാവായ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന അഥവാ ജീവിക്കുന്ന വ്യവസ്ഥകളാണ്. ഖുർആനിൽ ഇത് സംബന്ധിച്ച് അല്ലാഹു ഇങ്ങനെ പറയുന്നു: ''അങ്ങനെ രണ്ടു ദിവസങ്ങളിലായി അവയെ അവൻ ഏഴു ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിനും അതിന്റെ കൽപനകൾ (നിർദ്ദേശങ്ങൾ അഥവാ പ്രോഗ്രാം) അവൻ (അല്ലാഹു) നൽകുകയും ചെയ്തു...'' (ഖു. 41:12). ഈ വചനം വെളിപ്പെടുത്തുന്നത് പ്രപഞ്ചത്തിന്റെ ഘടകങ്ങളായ ജീവനില്ലാത്ത വസ്തുക്കളും ജീവനുള്ളവയും പ്രവർത്തിക്കുന്നത് അവയിൽ നിക്ഷിപ്തമായ അല്ലാഹുവിന്റെ കൽപനകൾ (പ്രോഗ്രാം) അനുസരിച്ചാണെന്നാണ്. മറ്റു വചനങ്ങളും കാണുക.

إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَىٰ عَلَى الْعَرْشِ يُغْشِي اللَّيْلَ النَّهَارَ يَطْلُبُهُ حَثِيثًا وَالشَّمْسَ وَالْقَمَرَ وَالنُّجُومَ مُسَخَّرَاتٍ بِأَمْرِهِ ۗ أَلَا لَهُ الْخَلْقُ وَالْأَمْرُ ۗ تَبَارَكَ اللَّهُ رَبُّ الْعَالَمِينَ

7:54 ''...സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും തന്റെ കൽപനക്ക് (പ്രോഗ്രാമിന്) വിധേയമാക്കപ്പെട്ട നിലയിൽ (അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു). അറിയുക, സൃഷ്ടിപ്പും ആജ്ഞാധികാരവും അവനുതന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനാണ്.''

وَلِلَّهِ يَسْجُدُ مَنْ فِي السَّمَاوَاتِ وَالْأَرْضِ طَوْعًا وَكَرْهًا وَظِلَالُهُمْ بِالْغُدُوِّ وَالْآصَالِ

13:15 അല്ലാഹുവിന്നാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം പ്രണാമം ചെയ്തുകൊണ്ടിരിക്കുന്നത്. അനുസരണയോടെയും നിർബന്ധിതരായിട്ടും (അതായത് പ്രോഗ്രാം ചെയ്യപ്പെട്ട നിലയിൽ). പ്രഭാതങ്ങളിലും സായാഹ്നങ്ങളിലും അവരുടെ നിഴലുകളും (അവന്ന് പ്രണാമം ചെയ്യുന്നു).

أَفَغَيْرَ دِينِ اللَّهِ يَبْغُونَ وَلَهُ أَسْلَمَ مَنْ فِي السَّمَاوَاتِ وَالْأَرْضِ طَوْعًا وَكَرْهًا وَإِلَيْهِ يُرْجَعُونَ

3:83 അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയും നിർബന്ധിതമായും (അതായത് പ്രോഗ്രാം ചെയ്യപ്പെട്ട നിലയിൽ) അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും.

ഈ സൂക്തങ്ങളിലെ സന്ദേശം മനുഷ്യനൊഴികെയുള്ള പ്രപഞ്ചഘടകങ്ങളെല്ലാം (ജീവനില്ലാത്തവയും, ജീവനുള്ളവയും) എങ്ങനെയാണ് നിലകൊള്ളുന്നതെന്ന് മനുഷ്യനു മനസ്സിലാക്കാനുതകുന്നതാണ്. അവ എല്ലാംതന്നെ അല്ലാഹുവെ പ്രണമിച്ചും അവന്റെ നിർദ്ദേശങ്ങൾ അപ്പടി അനുസരിച്ചും പ്രവർത്തിക്കുന്ന (അതായത് പൂർണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട) വ്യവസ്ഥകളാണെന്ന് ഖുർആൻ വെളിപ്പെടുത്തുന്നു. മറ്റൊരു പ്രധാന വെളിപ്പെടുത്തൽ അല്ലാഹുവിന്റെ നിർദ്ദേശങ്ങളാണ് അല്ലാഹുവിന്റെ മതം എന്നതാണ്. സൂക്തം 3:83 ൽ വിശേഷിപ്പിച്ചതായ അല്ലാഹുവിന്റെ ദീൻ അഥവാ ഇസ്‌ലാം അല്ലാഹുവിന്റെ നിർദ്ദേശങ്ങളെയാണ്. അതാണ് പ്രപഞ്ചഘടകങ്ങളെല്ലാം (ജീവനില്ലാത്തവയും, ജീവനുള്ളവയും) അനുസരിക്കുന്നത്. അല്ലാഹുവിന്റെ നിർദ്ദേശങ്ങളാണ് പ്രകൃതിമതമെന്നും അതാണ് ഇസ്‌ലാം എന്നും ഇതിൽനിന്ന് വ്യക്തമാകുന്നു. ഖുർആന്റെ വെളിച്ചത്തിൽ ഇസ്‌ലാംമതത്തിന്റെ നിർവചനമാണത്. അതനുസരിച്ച് മുസ്‌ലിമിനെയും നിർവചിക്കാവുന്നതാണ്. മുസ്‌ലിം എന്നാൽ അല്ലാഹുവിന്റെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന വ്യവസ്ഥയെന്നർത്ഥം. അതായത് മനുഷ്യനില്ലാത്ത പ്രപഞ്ചം ഒരു മുസ്‌ലിം വ്യവസ്ഥയാണെന്ന് വിവക്ഷ – അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന വ്യവസ്ഥ. മനുഷ്യനിർമ്മിത കമ്പ്യൂട്ടറുമായോ റൊബോട്ടുമായോ ആ വ്യവസ്ഥയെ താരതമ്യപ്പെടുത്താവുന്നതാണ്. ഒരു റോബോട്ടിനെ മനുഷ്യൻ എങ്ങനെയാണോ പ്രോഗ്രാം ചെയ്തിരിക്കുന്നത് അതനുസരിച്ചു മാത്രമെ അതിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെയാണ് മനുഷ്യനില്ലാത്ത പ്രപഞ്ചത്തിന്റെ അവസ്ഥയും. അതായത് പ്രപഞ്ചത്തെ എങ്ങനെയാണോ അല്ലാഹു പ്രോഗ്രാം ചെയ്തിരിക്കുന്നത് അതനുസരിച്ചു മാത്രമെ അതിന് പ്രവർത്തിക്കാൻ സാധ്യമാകൂ. അതായത് അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുക എന്നതാണ് പ്രകൃതിമതം അഥവാ ഇസ്‌ലാം.

ഇനി മനുഷ്യനടക്കമുള്ള പ്രപഞ്ചത്തെ അല്ലാഹു എങ്ങനെയാണ് വിവരിക്കുന്നതെന്ന് നോക്കാം.

أَلَمْ تَرَ أَنَّ اللَّهَ يَسْجُدُ لَهُ مَنْ فِي السَّمَاوَاتِ وَمَنْ فِي الْأَرْضِ وَالشَّمْسُ وَالْقَمَرُ وَالنُّجُومُ وَالْجِبَالُ وَالشَّجَرُ وَالدَّوَابُّ وَكَثِيرٌ مِنَ النَّاسِ ۖ وَكَثِيرٌ حَقَّ عَلَيْهِ الْعَذَابُ ۗ وَمَنْ يُهِنِ اللَّهُ فَمَا لَهُ مِنْ مُكْرِمٍ ۚ إِنَّ اللَّهَ يَفْعَلُ مَا يَشَاءُ

22:18 ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പര്‍വ്വതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും മനുഷ്യരില്‍ കുറെപേരും അല്ലാഹുവിന് സുജൂദ് ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് നീ കണ്ടില്ലേ? കുറെ പേരുടെ കാര്യത്തില്‍ ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹു വല്ലവനെയും അപമാനിതനാക്കുന്ന പക്ഷം അവനെ ബഹുമാനിക്കുവാന്‍ ആരും തന്നെയില്ല. തീര്‍ച്ചയായും അല്ലാഹു താന്‍ ഉദ്ദേശിക്കുന്നത് ചെയ്യുന്നു.

ഈ സൂക്തത്തില്‍ അല്ലാഹു മറ്റു സൃഷ്ടികളെ 'മുഴുവനായും' എന്നു പറയുന്നുണ്ടെങ്കിലും മനുഷ്യനെ അങ്ങനെ പറയുന്നില്ല; 'മനുഷ്യരില്‍ കുറെപേരും' എന്നാണ് പറയുന്നത്. അതായത് മനുഷ്യരില്‍ ബാക്കിയുള്ളവര്‍ അല്ലാഹുവിന്റെ കല്‍പനകളെ അനുസരിക്കാതെയും (അതായത് മുസ്‌ലിംകളാവാതെ) ജീവിക്കുന്നു എന്ന് സാരം. അവര്‍ക്കാണ് ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞത്. മനുഷ്യന്റെ ജീവപ്രവര്‍ത്തനങ്ങളെല്ലാം മറ്റു ജീവികളിലെന്നപോലെ ദൈവിക ജനിതകപ്രോഗ്രാം അനുസരിച്ചാണ് നടക്കുന്നതെങ്കിലും, അല്ലാഹു മനുഷ്യന് മാത്രം നല്‍കിയ മനസ്സ് (ഖല്‍ബ്) എന്ന പ്രോസസ്സറിന് സ്വന്തം ഇഷ്ടാനുസാരം പ്രവര്‍ത്തിക്കാനുള്ള സ്വാതന്ത്ര്യമുള്ളതുകൊണ്ട് അല്ലാഹുവിന്റെ കല്‍പനകളെ അനുസരിച്ചോ (അതായത് മുസ്‌ലിമായോ), അനുസരിക്കാതെയോ (അതായത് അമുസ്‌ലിമായോ) മനുഷ്യന് ജീവിക്കാം. മനുഷ്യനുമായി താരതമ്യപ്പെടുത്തുമ്പോള്‍ മറ്റുള്ളവയെല്ലാം (ജീവനുള്ളവയും ഇല്ലാത്തവയും) പൂര്‍ണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട വ്യവസ്ഥകളാണെന്ന് ഖുര്‍ആന്‍ വെളിപ്പെടുത്തുന്നു. പൂര്‍ണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട ഒരു വസ്തുവെ പരീക്ഷിക്കേണ്ടതാവശ്യമില്ല. കാരണം അത് പ്രോഗ്രാം ചെയ്യപ്പെട്ടതനുസരിച്ചു മാത്രമെ പ്രവര്‍ത്തിക്കുകയുള്ളു. അല്ലാഹു മനുഷ്യന് സ്വന്തം തീരുമാനമനുസരിച്ചു പ്രവര്‍ത്തിക്കുവാനുള്ള സ്വാതന്ത്ര്യം നല്‍കിയതുകൊണ്ടാണ് അല്ലാഹുവിനെ അനുസരിക്കുന്നുണ്ടോയെന്ന് പരീക്ഷിക്കേണ്ടിവരുന്നത്. ഇവിടെയും ഒരു ചോദ്യമുയര്‍ന്നേക്കാം. അതായത് മനുഷ്യന്‍ സ്വതന്ത്രേച്ഛ നല്‍കപ്പെടാതെ സൃഷ്ടാവിനെ അനുസരിക്കാന്‍ മാത്രം പ്രോഗ്രാം ചെയ്യപ്പെട്ടതായിരുന്നുവെങ്കില്‍ അവനും മറ്റു ജീവികളെപോലെ അല്ലാഹുവിനെ അനുസരിക്കുകയും തദ്വാര പരീക്ഷണത്തിന്റെ ആവശ്യം ഒഴിവാക്കാനുമാകുമായിരുന്നല്ലോ. ഈ ചോദ്യം മനുഷ്യന്റെ കാഴ്ചപ്പാടില്‍നിന്നും ആവിര്‍ഭവിക്കുന്ന ആശയമായേ കാണാനാവൂ. സൃഷ്ടിയുടെ ദൈവികോദ്ദേശ്യത്തിന്റെ വെളിച്ചത്തില്‍ അഥവാ അല്ലാഹുവിന്റെ വീക്ഷണകോണിലൂടെ ഈ ചോദ്യത്തെ സമീപിക്കുമ്പോള്‍ തികച്ചും വ്യത്യസ്തമായ നിഗമനത്തിലായിരിക്കും അത് നമ്മെ കൊണ്ടുചെന്നെത്തിക്കുക. ബോധവും തീരുമാന സ്വാതന്ത്ര്യവുമില്ലാത്ത സമ്പൂര്‍ണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട വസ്തുക്കളുടെ അനുസരണം, ബോധത്തോടുകൂടിയും സ്വമനസ്സാലെ അടിമപ്പെട്ടുമുള്ള അനുസരണത്തില്‍ നിന്നും തികച്ചും വിഭിന്നമാണ്. കാരണം സ്വതന്ത്രേച്ഛ നല്‍കപ്പെട്ട മനുഷ്യറൊബോട്ട് ബോധപൂര്‍വ്വം അദൃശ്യനിലയില്‍ തന്റെ യജമാനന്റെ ശക്തിയെയും അധികാരത്തെയും (സെക്ഷന്‍ 1.1 കാണുക) മനസ്സിലാക്കി സ്വമേധയാ കീഴ്പ്പെടുകവഴി സ്രഷ്ടാവിനുമാത്രം അവകാശപ്പെടാവുന്ന അഹംബോധത്തെ അവന്‍ തൃപ്തിപ്പെടുത്തുന്നു.

മനുഷ്യബയോസിസ്റ്റത്തില്‍ പ്രകൃത്യാ ഉള്ള (default) ഒരു വിവരമാണ് പ്രപഞ്ചത്തിനു സ്രഷ്ടാവുണ്ടെന്നുള്ള സത്യം. അത് തികച്ചും ദൈവനിക്ഷിപ്തമായ വിവരമാണ്. ഇത് സംബന്ധച്ച് ഖുര്‍ആന്‍ പറയുന്നത് കാണുക.

وَإِذْ أَخَذَ رَبُّكَ مِنْ بَنِي آدَمَ مِنْ ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰ أَنْفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا بَلَىٰ ۛ شَهِدْنَا ۛ أَنْ تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَٰذَا غَافِلِينَ أَوْ تَقُولُوا إِنَّمَا أَشْرَكَ آبَاؤُنَا مِنْ قَبْلُ وَكُنَّا ذُرِّيَّةً مِنْ بَعْدِهِمْ ۖ أَفَتُهْلِكُنَا بِمَا فَعَلَ الْمُبْطِلُونَ

7:172–173 നിന്റെ രക്ഷിതാവ് ആദം സന്തതികളില്‍ നിന്ന്, അവരുടെ മുതുകുകളില്‍ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ടുവരികയും, അവരുടെ കാര്യത്തില്‍ അവരെ തന്നെ അവന്‍ സാക്ഷി നിര്‍ത്തുകയും ചെയ്ത സന്ദര്‍ഭം. (അവന്‍ ചോദിച്ചു:) ഞാന്‍ നിങ്ങളുടെ രക്ഷിതാവല്ലയോ? അവര്‍ പറഞ്ഞു: അതെ, ഞങ്ങള്‍ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീര്‍ച്ചയായും ഞങ്ങള്‍ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു എന്ന് ഉയിര്‍ത്തെഴുന്നേല്‍പിന്റെ നാളില്‍ നിങ്ങള്‍ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്). അല്ലെങ്കില്‍ മുമ്പ് തന്നെ

ഞങ്ങളുടെ പൂർവ്വപിതാക്കൾ അല്ലാഹുവോട് പങ്കചേർത്തിരുന്നു. ഞങ്ങൾ അവർക്കു ശേഷം സന്തതിപരമ്പരകളായി വന്നവർ മാത്രമാണ്. എന്നിരിക്കെ ആ അസത്യവാദികൾ പ്രവർത്തിച്ചതിന്റെ പേരിൽ നീ ഞങ്ങളെ നശിപ്പിക്കുകയാണോ എന്ന് നിങ്ങൾ പറഞ്ഞേക്കും എന്നതിനാൽ.

ഈ വിവരം മനുഷ്യറൊബോട്ട് സിസ്റ്റത്തിൽ ഉള്ളതുകൊണ്ടാണ് മനുഷ്യനിൽ നൈസർഗ്ഗികമായി ദൈവവിശ്വാസം ഉടലെടുക്കുന്നത്. മതവിശ്വാസത്തെ നിയന്ത്രിക്കുന്ന ചില ഭാഗങ്ങൾ മസ്തിഷ്കത്തിലുണ്ടെന്ന് ശാസ്ത്രപരീക്ഷണങ്ങളിലൂടെ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പ്രാചീനകാലം മുതൽക്കേ മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നുണ്ടായിരുന്നുവെന്ന ചരിത്രസത്യം അതിന്റെ തെളിവായി കാണാവുന്നതാണ്. പക്ഷേ, സാത്താന്റെ ദുഷ്പ്രേരണക്ക് വിധേയനായി മനുഷ്യൻ പ്രകൃതിപ്രതിഭാസങ്ങളെ (ഉദാ. സൂര്യൻ, അഗ്നി) മാത്രമല്ല പല സാങ്കൽപിക ദൈവങ്ങളെയും ആരാധിച്ചു. ഇവയൊക്കെ തെറ്റായ വിശ്വാസമാണെന്നും, ദൈവം ഏകനാണെന്നും, അവന് പങ്കുകാരുമില്ലെന്നും ജനങ്ങളെ ഉണർത്തുവാൻ വേണ്ടിയാണ് പല കാലഘട്ടങ്ങളിലായി സത്യവേദവുമായി പ്രവാചകരെ അല്ലാഹു അയച്ചത്.

وَمَا أَرْسَلْنَا مِنْ قَبْلِكَ مِنْ رَسُولٍ إِلَّا نُوحِي إِلَيْهِ أَنَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدُونِ

21:25 ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.

**പ്രവാചകദൗത്യം**

അല്ലാഹു തന്റെ ഉദ്ദേശ്യങ്ങളും, നിർദ്ദേശങ്ങളും പരീക്ഷണം നേരിടുന്ന മനുഷ്യനെ അറിയിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ദൈവികമായ ഈ നിർദ്ദേശ സംവിധാനത്തെക്കുറിച്ച് മനുഷ്യൻ അറിയുന്നില്ലെങ്കിൽ, പരീക്ഷണത്തിൽ ഭാഗഭാക്കാകുവാൻ അവന് കഴിയാതെവരും. ഈ അറിവുകളുടെ സമുച്ചയമാണ് ദൈവികമാർഗദർശനം. ഖുർആനിൽ വന്നവസാനിക്കുന്ന ഈ മാർഗദർശനമാണ് കാലാകാലങ്ങളായി പ്രവാചകന്മാരിലൂടെ, വേദങ്ങളിലൂടെ, ദൈവം മനുഷ്യരാശിക്ക് നൽകിക്കൊണ്ടിരുന്നത്.

إِنَّ عَلَيْنَا لَلْهُدَىٰ

92:12 തീർച്ചയായും മാർഗദർശനം നമ്മുടെ ബാധ്യതയാകുന്നു.

ഈ മാർഗ്ഗദർശനത്തെയാണ് ഈശ്വരപ്രോക്തമായ ദൈവികമതം എന്നുവിളിക്കപ്പെടുന്നത് – ഇസ്‌ലാം എന്നു വ്യവഹരിക്കപ്പെടുന്നത് (ഖു. 3:19, 3:83–85). ഇതാണ് മനുഷ്യവർഗ്ഗത്തിന്റെ പ്രകൃത്യായുള്ള മതം (ഖു. 30:30). മറ്റെല്ലാ ദർശനങ്ങളും മർത്യപ്രോക്തമാണ്.

إِنَّ الدِّينَ عِنْدَ اللَّهِ الْإِسْلَامُ ۗ وَمَا اخْتَلَفَ الَّذِينَ أُوتُوا الْكِتَابَ إِلَّا مِنْ بَعْدِ مَا جَاءَهُمُ الْعِلْمُ بَغْيًا بَيْنَهُمْ ۗ وَمَنْ يَكْفُرْ بِآيَاتِ اللَّهِ فَإِنَّ اللَّهَ سَرِيعُ الْحِسَابِ

3:19 തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയ ശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്. വല്ലവരും അല്ലാഹുവിന്റെ വചനങ്ങൾ (ഖുർആൻ) നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു.

അല്ലാഹുവിന്റെ മതം ഇസ്‌ലാമാണ്. അത് അല്ലാഹുവിന്റെ നിർദ്ദേശങ്ങളാണ്. അതാണ് പ്രകൃതിമതം; അതായത് സൃഷ്ടികളെല്ലാം അനുസരിക്കുന്ന മതം.

أَفَغَيْرَ دِينِ اللَّهِ يَبْغُونَ وَلَهُ أَسْلَمَ مَنْ فِي السَّمَاوَاتِ وَالْأَرْضِ طَوْعًا وَكَرْهًا وَإِلَيْهِ يُرْجَعُونَ

3:83 അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയും നിർബന്ധിതമായും (അതായത് പ്രോഗ്രാം ചെയ്യപ്പെട്ട നിലയിൽ) അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും.

قُلْ آمَنَّا بِاللَّهِ وَمَا أُنْزِلَ عَلَيْنَا وَمَا أُنْزِلَ عَلَىٰ إِبْرَاهِيمَ وَإِسْمَاعِيلَ وَإِسْحَاقَ وَيَعْقُوبَ وَالْأَسْبَاطِ وَمَا أُوتِيَ مُوسَىٰ وَعِيسَىٰ وَالنَّبِيُّونَ مِنْ رَبِّهِمْ لَا نُفَرِّقُ بَيْنَ أَحَدٍ مِنْهُمْ وَنَحْنُ لَهُ مُسْلِمُونَ

3:84 (നബിയേ,) പറയുക: അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതി (ഖുർആൻ) ലും, ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ടതിലും (വേദഗ്രന്ഥങ്ങൾ), മൂസായ്ക്കും ഈസായ്ക്കും മറ്റു പ്രവാചകൻമാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതിലും (വേദഗ്രന്ഥങ്ങൾ) ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാകുന്നു (മുസ്ലിംകളാകുന്നു).

وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ

3:85 ഇസ്ലാം (അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽപെട്ടവനുമായിരിക്കും.

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ اللَّهِ ۚ ذَٰلِكَ الدِّينُ الْقَيِّمُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ

30:30 ആകയാൽ നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷെ മനുഷ്യരിൽ അധിക പേരും മനസ്സിലാക്കുന്നില്ല.

പരീക്ഷണത്തിനായുള്ള സന്ദേശനിർദ്ദേശങ്ങൾ പരീക്ഷിക്കപ്പെടുന്നവർക്കെത്തിക്കുവാൻ അല്ലാഹു രൂപകൽപനചെയ്ത സംവിധാനം ഏറ്റവും എളുപ്പവും സുതാര്യവുമായിട്ടുള്ള ഒന്നാണ് – മനുഷ്യരുടെ ഇടയിൽനിന്നുതന്നെ അവരിലൊരാളെ പ്രവാചകനായി, സന്ദേശ വാഹകനായി തിരഞ്ഞെടുക്കുക. ഓരോ പ്രവാചകന്നും അല്ലാഹു ഓരോ വേദഗ്രന്ഥവും നൽകി (ഖു. 2:213, 10:47, 13:38). അല്ലാഹു നൽകിയ വേദഗ്രന്ഥത്തിലെ നിർദ്ദേശങ്ങളാണ് അതാത് കാലത്തെ പ്രവാചകന്റെ ജനങ്ങൾക്കുള്ള മാർഗദർശനം അഥവാ ഇസ്ലാംമതം. ആ നിർദ്ദേശങ്ങൾ അനുസരിച്ച് ജീവിക്കുന്നുണ്ടോയെന്നാണ് അല്ലാഹു അവരെ പരീക്ഷിക്കുന്നത് (ഖു. 7:35–36).

يَا بَنِي آدَمَ إِمَّا يَأْتِيَنَّكُمْ رُسُلٌ مِنْكُمْ يَقُصُّونَ عَلَيْكُمْ آيَاتِي ۙ فَمَنِ اتَّقَىٰ وَأَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ وَالَّذِينَ كَذَّبُوا بِآيَاتِنَا وَاسْتَكْبَرُوا عَنْهَا أُولَٰئِكَ أَصْحَابُ النَّارِ ۖ هُمْ فِيهَا خَالِدُونَ

7:35–36 ആദം സന്തതികളേ, നിങ്ങൾക്ക് എന്റെ വചനങ്ങൾ വിവരിച്ചുതന്നു കൊണ്ട് നിങ്ങളിൽ നിന്നു തന്നെയുള്ള ദൂതൻമാർ നിങ്ങളുടെ അടുത്ത് വരുന്ന പക്ഷം അപ്പോൾ സൂക്ഷ്മത പാലിക്കുകയും, നിലപാട് നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാരോ അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. എന്നാൽ നമ്മുടെ വചനങ്ങളെ നിഷേധിച്ചു തള്ളുകയും, അവയുടെ നേരെ അഹങ്കാരം നടിക്കുകയും ചെയ്യുന്നതാരോ അവരാണ് നരകാവകാശികൾ. അവർ അതിൽ നിത്യവാസികളായിരിക്കും.

അങ്ങനെ മാനവസമുദായം ഒട്ടനവധി പ്രവാചകന്മാരുടെ വരവിന് സാക്ഷ്യം വഹിച്ചു.

كَانَ النَّاسُ أُمَّةً وَاحِدَةً فَبَعَثَ اللَّهُ النَّبِيِّينَ مُبَشِّرِينَ وَمُنْذِرِينَ وَأَنْزَلَ مَعَهُمُ الْكِتَابَ بِالْحَقِّ لِيَحْكُمَ بَيْنَ النَّاسِ فِيمَا اخْتَلَفُوا فِيهِ ۚ وَمَا اخْتَلَفَ فِيهِ إِلَّا الَّذِينَ أُوتُوهُ مِنْ بَعْدِ مَا جَاءَتْهُمُ الْبَيِّنَاتُ بَغْيًا بَيْنَهُمْ ۖ فَهَدَى اللَّهُ الَّذِينَ آمَنُوا لِمَا اخْتَلَفُوا فِيهِ مِنَ الْحَقِّ بِإِذْنِهِ ۗ وَاللَّهُ يَهْدِي مَنْ يَشَاءُ إِلَىٰ صِرَاطٍ مُسْتَقِيمٍ

2:213 മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദഗ്രന്ഥവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽനിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു.

وَلِكُلِّ أُمَّةٍ رَسُولٌ ۖ فَإِذَا جَاءَ رَسُولُهُمْ قُضِيَ بَيْنَهُمْ بِالْقِسْطِ وَهُمْ لَا يُظْلَمُونَ

10:47 ഓരോ സമൂഹത്തിനും ഓരോ ദൂതനുണ്ട്. അങ്ങനെ അവരിലേക്കുള്ള ദൂതൻ വന്നാൽ (വിധി നാളിൽ) അവർക്കിടയിൽ നീതിപൂർവ്വം തീരുമാനമെടുക്കപ്പെടുന്നതാണ്. അവരോട് അനീതി കാണിക്കപ്പെടുന്നതല്ല.

وَلَقَدْ أَرْسَلْنَا رُسُلًا مِنْ قَبْلِكَ وَجَعَلْنَا لَهُمْ أَزْوَاجًا وَذُرِّيَّةً ۚ وَمَا كَانَ لِرَسُولٍ أَنْ يَأْتِيَ بِآيَةٍ إِلَّا بِإِذْنِ اللَّهِ ۗ لِكُلِّ أَجَلٍ كِتَابٌ

13:38 നിനക്ക് മുമ്പും നാം ദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നാം ഭാര്യമാരെയും സന്താനങ്ങളെയും നൽകിയിട്ടുണ്ട്. ഒരു ദൂതന്നും അല്ലാഹുവിന്റെ അനുമതിയോട് കൂടിയല്ലാതെ യാതൊരു ആയത്തും കൊണ്ടുവരാനാവില്ല. ഓരോ കാലാവധിക്കും ഓരോ (പ്രമാണ) ഗ്രന്ഥമുണ്ട്.

ഓരോ പ്രവാചകന്നും നൽകിയ ഗ്രന്ഥം മുഖേന അതാതു ജനതക്കു അല്ലാഹു ഇസ്‌ലാംമത നിയമങ്ങളും കർമ്മങ്ങളും നടപടിക്രമങ്ങളും നിശ്ചയിച്ചു കൊടുത്തിട്ടുണ്ടെന്നും ഖുർആൻ വ്യക്തമാകുന്നു (ഖു. 22:67). വേദഗ്രന്ഥത്തിലെ നിർദ്ദേശങ്ങൾ പിൻപറ്റി ജീവിക്കുന്നുണ്ടോയെന്നാണ് ഓരോ ജനതയെയും അല്ലാഹു പരീക്ഷിക്കുന്നത്.

لِكُلِّ أُمَّةٍ جَعَلْنَا مَنْسَكًا هُمْ نَاسِكُوهُ ۖ فَلَا يُنَازِعُنَّكَ فِي الْأَمْرِ ۚ وَادْعُ إِلَىٰ رَبِّكَ ۖ إِنَّكَ لَعَلَىٰ هُدًى مُسْتَقِيمٍ

22:67 ഓരോ സമുദായത്തിനും നാം ഓരോ ആരാധനാക്രമം നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. അവർ അതാണ് അനുഷ്ഠിച്ചു വരുന്നത്. അതിനാൽ ഈ കാര്യത്തിൽ അവർ നിന്നോട് (മുഹമ്മദ് നബിയോട്) വഴക്കിടാതിരിക്കട്ടെ. നീ (മുഹമ്മദ് നബി) നിന്റെ രക്ഷിതാവിങ്കലേക്ക് ക്ഷണിച്ചു കൊള്ളുക. തീർച്ചയായും നീ വക്രതയില്ലാത്ത സന്മാർഗത്തിലാകുന്നു.

അല്ലാഹുവിൽ വിശ്വസിക്കേണ്ടതും വേദഗ്രന്ഥത്തിലെ അവന്റെ കൽപനകളനസുരിച്ച് ജീവിക്കേണ്ടതും മനുഷ്യന്റെ ബാധ്യതയാണ്. അല്ലാഹു പ്രതീക്ഷിക്കുന്നതും അത് തന്നെയാണ്. അതാണ് അല്ലാഹു പരീക്ഷിക്കുന്നതും. ഈ കാര്യത്തിൽ അല്ലാഹുവിങ്കൽ വിട്ടുവീഴ്ചയില്ല. എന്നിരുന്നാലും ഭൂരിഭാഗം മനുഷ്യരും അല്ലാഹുവിന്റെ കൽപനകൾ സ്വീകരിക്കുന്നതിനുപകരം സാത്താന്റെ പ്രലോഭനങ്ങൾക്ക് വഴങ്ങി സത്യനിഷേധം കൈകൊള്ളുന്നതും നേർമാർഗ്ഗത്തിൽനിന്നും വ്യതിചലിക്കപ്പെടുന്നതുമാണ് കാണുന്നത്.

പ്രവാചകശൃംഖലയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബി. അദ്ദേഹത്തിന് അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥമാണ് ഖുർആൻ. അതിലെ കൽപനകളാണ് മുഹമ്മദ് നബിയുടെ ജനതയായ നമ്മൾ പിൻപറ്റേണ്ടത്. അതാണ് ഇസ്‌ലാംമതം.